(എ) ഗവൺമെന്റോ, പി. എസ്. സി.യോ അംഗീകരിക്കാത്ത ബിരുദം കരസ്ഥമാക്കിയവർ ബിരുദധാരികളാണെന്നതിന്റെ അടിസ്ഥാനത്തിൽ തസ്തിക മാറ്റത്തിലൂടെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് എന്ന തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ ഉദ്യോഗത്തിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർ;

(സി) ഇതിനെതിരെ കിട്ടിയിട്ടുള്ള പരാതികളിന്മേൽ എന്തു നടപടിയെടുത്തു;

(ഡി) ഗവൺമെന്റോ പി. എസ്. സി.യോ അംഗീകരിക്കാത്ത ഡിഗ്രികൾ കരസ്ഥമാക്കിയിട്ടുള്ളവരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷിക്കുവാൻ അനുവദിക്കുമോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)—(സി) ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാര്യം ആരോപിച്ച് അടുത്ത കാലത്തായി വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷിക്കുന്നതിന് ആവശ്യമുള്ള വിദ്യാഭ്യാസ യോഗ്യതകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതയുള്ളവർക്ക് മാത്രമേ അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു.

പോലീസ് വിഭാഗത്തിൽ ജോലി ലഭിച്ചവർ

15. [15] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം പോലീസ് വിഭാഗത്തിൽ എത്ര പേർക്ക് ജോലി ലഭിച്ചു;

(ബി) തസ്തിക തിരിച്ച് കണക്കുകൾ നൽകാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. പ്രസിദ്ധീകരിച്ചിട്ടുള്ള നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ

16. [16] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, ചെർക്കളം അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly